# ECHO OF HIS CALL

## വിളിയുടെ പ്രതിധ്വനി

MALAYALAM

ECHO OF HIS CALL 1969-2019 GOLDEN JUBILEE

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

**Editor : S. SAM SELVA RAJ** | **16 Languages** | **Associate Editor : Mr. Benjamin Moses**

**Vol. XXVII** | **YEAR OF OUR LORD JESUS CHRIST, 2020 DECEMBER** | **No. 3**


### വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**കർത്താവിനു സ്തോത്രം**

**മത്തായി 6:1– 8**

01. എന്നാൽ കഷ്ടതയിൽ ഇരുന്ന ദേശത്തിന് തിമിരം നില്ക്കുകയില്ല; പണ്ട് അവൻ സെബൂലൂൻ ദേശത്തിനും നഫ്താലി ദേശത്തിനും ഹീനത വരുത്തിയെങ്കിലും പിന്നത്തേതിൽ അവൻ കടൽ വഴിയായി യോർദ്ദാനക്കരെയുള്ള ജാതികളുടെ മണ്ഡലത്തിന് മഹത്ത്വം വരുത്തും.
02. ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു.
03. നീ വർദ്ധിപ്പിച്ചിട്ടില്ലാത്ത ജാതിയെ വർദ്ധിപ്പിക്കുന്നു; അവർ നിന്റെ സന്നിധിയിൽ സന്തോഷിക്കുന്ന സന്തോഷം കൊയ്ത്തുകാലത്തിലെ സന്തോഷം പോലെയും കൊള്ള പങ്കിടുമ്പോൾ ആന്ദിക്കുന്നതുപോലെയും ആകുന്നു.
04. അവൻ ചുമക്കുന്ന നുകവും അവന്റെ ചുമലിലെ കോലും അവനെ ദണ്ഡിപ്പിക്കുന്നവന്റെ വടിയും മിദ്യാന്റെ നാളിലെപ്പോലെ നീ ഒടിച്ചു കളഞ്ഞിരിക്കുന്നു.
05. ഒച്ചയോടെ ചവിട്ടി നടക്കുന്ന യോദ്ധാവിന്റെ ചെരിപ്പൊക്കെയും രക്തംപുരണ്ട വസ്ത്രവും വിറകുപോലെ തീയ്ക്ക് ഇരയായിത്തീരും.
06. നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേരു വിളിക്കപ്പെടും.
07. അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകുകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും.

# ദൈവത്തിന്റെ വെളിപ്പാട്!

## REVELATION OF GOD!

***പാസ്റ്റർ എസ്. സാംസെൽവരാജ് മുഖ്യസഭയിൽ നൽകിയ സന്ദേശം***

കർത്താവ് വീണ്ടും ശീലോവിൽ പ്രത്യക്ഷപ്പെട്ടു. ശീലോവിൽ ദൈവം തന്റെ വചനത്താൽ ശമുവേലിന് സ്വയം വെളിപ്പെടുത്തി.

"ഇങ്ങനെ യഹോവ ശീലോവിൽ വച്ചു ശമുവേലിന് യഹോവയുടെ വചനത്താൽ വെളിപ്പെട്ടശേഷം യഹോവ വീണ്ടും വീണ്ടും ശീലോവിൽ വച്ചു പ്രത്യക്ഷനായി" (1 ശമുവേൽ 3:21; 4:1).

ഏലിയുടെ കാലഘട്ടത്തിൽ ദൈവവചനവും വെളിപ്പാടുമെല്ലാം വളരെ വിരളമായിരുന്നു. ശീലോവിലെ ദേവാലയത്തിൽ ശുശ്രൂഷ ചെയ്തുവന്ന ഏലിയുടെ സഹായിയായിരുന്നു ശമുവേൽ എന്ന ബാലൻ. ശമുവേൽ ബാലനായിരുന്നപ്പോൾ തന്നെ യഹോവ അവനോടു സംസാരിച്ചു. ദൈവം ശമുവേലേ, ശമുവേലേ എന്ന് മൂന്നുപ്രാവശ്യം വിളിച്ചു. വീണ്ടും നാലാംപ്രാവശ്യം വിളിച്ചപ്പോൾ, ഏലി അവനോടു നിർദ്ദേശിച്ചതുപോലെ "അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു" എന്ന് ഉത്തരം പറഞ്ഞു. യഹോവ അവനോട് വീണ്ടും പറഞ്ഞത് ഏലിയുടെ ഭവനത്തിലും അവന്റെ സന്താനങ്ങളുടെമേലും വരുവാൻ പോകുന്ന വിപത്തുകളെക്കുറിച്ചായിരുന്നു. കുടുംബത്തിന്റെ അകൃത്യം ത്യാഗത്തിനാലോ വഴിപാടിനാലോ തീരുന്നതല്ല എന്ന് ദൈവം അവനെ ഓർമ്മിപ്പിച്ചു. ഈ വിവരമെല്ലാം ഏലിയെ ശമൂവേൽ ധരിപ്പിക്കുകയും ചെയ്തു. അതിന് ഏലി മറുപടിയായി പറഞ്ഞത് "യഹോവയല്ലോ; തന്റെ ഇഷ്ടംപോലെ ചെയ്യട്ടെ" എന്നാണ് (1 ശമൂവേൽ 3:18).

വിസ്മയാവഹനായ നമ്മുടെ ദൈവം മോശെയ്ക്ക് മുൾപ്പടർപ്പിൽ പടർന്ന തീയിലൂടെ പ്രത്യക്ഷനായി. ഉയിർത്തെഴുന്നേറ്റ യേശു മഗ്ദലന മറിയത്തിന് പ്രത്യക്ഷയായി അവളോട് "സ്ത്രീയേ, നീ കരയുന്നത് എന്ത്" എന്ന് ചോദിച്ചു. അവൾ മറുപടിയായി "യജമാനനേ, നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെവെച്ചു എന്നു പറഞ്ഞു തരിക; ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം" എന്നു പറഞ്ഞു (യോഹന്നാൻ 20:12,13). യേശുവാണ് അവളോട് സംസാരിക്കുന്നതെന്ന് അവൾ മനസ്സിലാക്കിയില്ല. നാടുകടത്തപ്പെട്ട് പത്മോസ് ദ്വീപിലായിരുന്ന യോഹന്നാന് യേശു സ്വയം വെളിപ്പെടുത്തി. "നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫസോസ്, സ്മുർന്നാ, പെർഗ്ഗമോസ്, തുയഥൈര, സർദ്ദീസ്, ഫിലദെൽഫ്യ, ലവോദിക്യ എന്നീ ഏഴു സഭകൾക്കും അയയ്ക്കുക..." എന്ന് അരുളിച്ചെയ്തു (വെളിപ്പാട് 1:11). ഇതേ കർത്താവ് ഞാൻ ജനിച്ച കന്യാകുമാരി ജില്ലയിലെ എന്റെ ഗ്രാമത്തിൽ വച്ച് 1969 ൽ എനിക്ക് ദർ

*3-ാം പേജിൽ തുടരും...*

*Touching lives by Teaching...Since 1969*

## ഞങ്ങളുടെ നിയോഗം

**പ്രാചീന അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്ക് മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.**

തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് - മാസിക.






**"...ഞാൻ അവരുടെ ദുഃഖം മാറ്റി സന്തോഷമാക്കും; ഞാൻ അവരെ ആശ്വസിപ്പിച്ചു സങ്കടം പോക്കി സന്തോഷിപ്പിക്കും"** (യിരെമ്യാവ് 31:13)

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതിപരിശുദ്ധ നാമത്തിൽ അഭിവാദ്യങ്ങൾ! എല്ലാ നാമത്തിലും മേലായ നാമമാണ് യേശുക്രിസ്തു എന്ന നാമം. എല്ലാ മഹത്വവും ബഹുമാനവും ഞങ്ങൾ അവന്, അവനു മാത്രം നൽകുന്നു.

കർത്താവായ യേശുക്രിസ്തു നമ്മെ കൃപയോടെ നടത്തി പരിപാലിച്ച് 2020 ന്റെ അവസാനത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു. ഈ ലോകം മുഴുവനുമുള്ള ജനങ്ങൾക്ക് നന്മകളും അനുഗ്രഹങ്ങളും ഈ വർഷത്തിൽ ഉണ്ടാകുമെന്ന് വർഷാരംഭത്തിൽ ഞങ്ങളെല്ലാവരും വിചാരിച്ചു. പക്ഷെ അനേകം എതിരായ കാര്യങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ഇതിന് നിശ്ചയമായും ഒരു കാരണം ഉണ്ടായിരിക്കണം. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം ദൈവത്തിന്റെ അറിവോടുകൂടിയാണ്. കോവിഡ്-19 എന്ന മഹാമാരി ലോകം മുഴുവനുമുള്ള ജനങ്ങളുടെ മേൽ സംഹാരതാണ്ഡവമാടിക്കൊണ്ടിരിക്കുന്നു. നമ്മുടെ ചില നല്ല സുഹൃത്തുക്കളെയും ഇതിലൂടെ നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. ഇത് വളരെ സങ്കടകരമായ അനുഭവമാണ്.

ആമോസിന്റെ മകനായ യെശയ്യാ പ്രവാചകന്റെ ദർശനത്തിലൂടെ യഹൂദാ രാജാക്കന്മാരായ ഉസ്സിയാവ്, യോഥാം, ആഹാസ് എന്നിവരുടെ കാലത്ത് യെരുശലേമിലും യഹൂദയിലും സംഭവിക്കാൻ പോകുന്നതെല്ലാം വെളിപ്പെട്ടു. "ആകാശമേ കേൾക്ക; ഭൂമിയേ ചെവി തരിക; .... ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു".

"ഇനി നിങ്ങളെ അടിച്ചിട്ടു എന്ത്? നിങ്ങൾ അധികം പിന്മാറുകയേയുള്ളു; തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്യണവും മാത്രമേ ഉള്ളു; അവയെ ഞെക്കി കഴുകീട്ടില്ല; വെച്ചു കെട്ടീട്ടില്ല, എണ്ണ പൂശി ശമിപ്പിച്ചിട്ടുമില്ല. നിങ്ങളുടെ ദേശം ശൂന്യമായി; നിങ്ങളുടെ പട്ടണങ്ങൾ തീക്കിരയായി; നിങ്ങൾ കാൺകെ അന്യജാതിക്കാർ നിങ്ങളുടെ നാടു തിന്നുകളയുന്നു; അതു അന്യജാതിക്കാർ ഉന്മൂലനാശം ചെയ്തതുപോലെ ശൂന്യമായിരിക്കുന്നു. സീയോൻ പുത്രി, മുന്തിരിതോട്ടത്തിലെ കുടിൽപോലെയും വെള്ളരിത്തോട്ടത്തിലെ മാടംപോലെയും നിരോധിച്ച പട്ടണംപോലെയും ശേഷിച്ചിരിക്കുന്നു".

"സൈന്യങ്ങളുടെ യഹോവ നമുക്ക് അത്യല്പമായോരു ശേഷിപ്പു വെച്ചിരുന്നില്ലെങ്കിൽ നാം സോദോം പോലെയാകുമായിരുന്നു; ഗോമോറെയ്ക്കു സദൃശ്യമാകുമായിരുന്നു. സോദോം അധിപതികളേ, യഹോവയുടെ വചനം കേൾപ്പിൻ; ഗോമോറ ജനമേ, നമ്മുടെ ദൈവത്തിന്റെ ന്യാപ്രമാണം ശ്രദ്ധിച്ചു കൊൾവിൻ. നിങ്ങളുടെ ഹനന യാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്നു യഹോവ അരുളിച്ചെയ്യുന്നു; മുട്ടാടുകളെകൊണ്ടുള്ള ഹോമയാഗവും തടിപ്പിച്ച മൃഗങ്ങളുടെ മേദസ്സും കൊണ്ട് എനിക്കു മതിവന്നിരിക്കുന്നു; കാളകളുടെയോ, കുഞ്ഞാടുകളുടയോ കോലാട്ടുകൊറ്റന്മാരുടെയോ

**CHIEF EDITORS**
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.
**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.
**ADMINISTRATION**
Bro. N. Prakasam, M.A., General Manager
**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.
**Head Qrs. CO-ORDINATORS**
Bro. John Rodrigues
Sis. E. Daisy Rani
**ADVISORY BOARD**
Adv. Jose Abraham
Adv. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Aud. K. Puratchivendan, M.Com., B.L.
Bro. Rajeswaran Samuel, B.Com.
**PUBLISHER & PRINTER**
Pastor S. SAM SELVA RAJ
**Echo of His Call Printers**
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
**Phone :** (+91- 44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in
**Websites :**
www.echoofhiscall.org
www.echoofhiscall.com

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners Village English High School Crusades 100 Prayer Warriors Community Development

വാൻ ഇതു നിങ്ങളോടു ചോദിച്ചതു ആർ? ഇനി നിങ്ങൾ വ്യർത്ഥ മായുള്ള കാഴ്ച കൊണ്ടുവരരുത്! ധൂപം എനിക്കു വെറുപ്പാകുന്നു; അമാവാസ്യയും ശബ്ബത്തും സഭായോഗം കൂടുന്നതും; നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസ്യ കളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു; അവ എനിക്കു അസഹ്യം; ഞാൻ അവ സഹിച്ചു മുഷിഞ്ഞി രിക്കുന്നു. നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറെ ച്ചു കളയും; നിങ്ങൾ എത്രതന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല; നിങ്ങളുടെ കൈ രക്തം കൊണ്ടു നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ, നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽ നിന്നു നീക്കിക്കളവിൻ, തിന്മ ചെയ്യുന്നതു മതിയാക്കുവിൻ" (യെശയ്യാവ് 1:1-16).

നാം എന്താണു ചെയ്യേണ്ടതെന്ന് ദൈവം പറയുന്നതു ചെയ്യുക യല്ലാതെ നമ്മുടെ മുമ്പിൽ രക്ഷപ്പെടുവാൻ മറ്റൊരു വഴിയുമില്ല.

ദൈവകൃപയാൽ, അവന്റെ ശുശ്രൂഷയിൽ നാം അടിവച്ചടിവച്ച് മുന്നേറുകയാണ്. ഈ മഹാമാരിയുടെ മദ്ധ്യേ സഭാശുശ്രൂഷ ഒഴി കെയുള്ള നമ്മുടെ മറ്റെല്ലാ ശുശ്രൂഷകളും പുനഃസ്ഥാപിക്കപ്പെട്ടു കഴിഞ്ഞു.

നമ്മുടെ സെന്റ് പോൾസ് മെട്രിക്കുലേഷ ൻ സ്കൂളിന് അർപ്പ ണബോധമുള്ള സെക്രട്ടറിയെയും പ്രിൻസിപ്പാളിനെയും ദൈവം



Secretary

നൽ കിയിരിക്കുന്നു. നമ്മുടെ ചുറ്റുമുള്ള പാവ പ്പെട്ട ജനവിഭാഗത്തിലെ കുട്ടികളുടെയും മിഷ ണറിമാരുടെയും പാസ്റ്റർമാരുടെയും കുട്ടിക ളുടെ യും ആവശ്യങ്ങൾ നിറവേറപ്പെടുവാൻ നമ്മു ടെ വിദ്യാലയത്തെ ദൈവം അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഉയർന്ന നില വാരമുള്ള വിദ്യാഭ്യാസം താഴ്ന്ന നിലയിലുള്ള കുട്ടികൾക്ക് നൽകുന്നതിലൂടെ നല്ല പൗരന്മാരെയും, ലോക നേതാ ക്കളെയം, ശാസ്ത്രജ്ഞന്മാരെയും, ദൈവമക്കളെയും വളർത്തിയെ



Principal

ടുക്കുവാൻ സാധിക്കും. ഇംഗ്ലീഷ് വിദ്യാഭ്യാ സത്തിന് ഞങ്ങൾ മുൻതൂക്കം നൽകുന്നു. ഞങ്ങളുടെ ശ്രമങ്ങളുടെ വിജയത്തിനായി നിങ്ങളു ടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ ക്ക് ആവശ്യമാണ്. ഈ വിദ്യാലയം തുടങ്ങിയിട്ട് 24 വർഷമായി. ഈ സ്കൂൾ ഞങ്ങളെ ദൈവം ഏല്പിച്ചത് തന്റെ മന സ്സിലെ വലിയ പദ്ധതിയുടെ ഭാഗമാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. "അതുകൊണ്ട് അവൻ തക്ക സമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണി രിപ്പിൻ" (1 പത്രൊസ് 5:6).

കനത്ത ജോലിഭാരം കാരണം ചെന്നൈ ചെപ്പോക്കിലുള്ള ഞങ്ങ ളുടെ മുഖ്യ ഓഫീസിലെ ദൈനംദിന ഭരണസംബന്ധമായ ജോലി കളും വികസന പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുവാൻ ഞങ്ങൾ ക്ക് കഴിയുന്നില്ല. അതിനാൽ താഴെ പറയുന്ന മുഴുവൻ സമയ ഓഫീസ് ജീവനക്കാരെ ആവശ്യമുണ്ട്.

1. ചീഫ് എക്സിക്യൂട്ടീവിന്റെ സെക്രട്ടറിമാർ - പ്രധാനപ്പെട്ട ഇംഗ്ലീ ഷ് കത്തിടപാടുകൾ കൈകാര്യം ചെയ്യുക. യോഗ്യത: ഡിഗ്രിയും ഇംഗ്ലീഷിലും മറ്റു ഭാഷകളിലും സ്വതന്ത്രമായി കത്തിടപാടു കൾ ചെയ്യാനുള്ള പ്രാവീണ്യവും നല്ല കമ്പ്യൂട്ടർ വൈദഗ്ധ്യം അത്യാവശ്യം.
2. ഡി.ടി.പി. ഓപ്പറേറ്റർമാർ - ഇംഗ്ലീഷിലും മറ്റു ഭാഷകളിലുമുള്ള കമ്പ്യൂട്ടർ പ്രാവീണ്യം
3. ഏതെങ്കിലും പ്രദേശത്ത് സാങ്കേതിക പ്രവർത്തനങ്ങളുള്ള സം ഗീതജ്ഞർ.

ഞങ്ങൾ ന്യായമായ ശമ്പളം നൽകുന്നതാണ്. ഈ ശുശ്രൂഷ കൾക്കായി യോഗ്യരായവരെ ദൈവം കണ്ടെത്തിത്തരുവാനായി ഞങ്ങളോടൊപ്പം നിങ്ങളും പ്രാർത്ഥിപ്പിൻ.

പുതിയ വർഷമായ 2021 ൽ ശുശ്രൂഷകൾ അടുത്ത ഘട്ടത്തി ലേക്ക് വികസിപ്പിക്കുവാനുള്ള ഒരുക്കത്തിലാണ് ഞങ്ങൾ.

ക്രിസ്തുമസ്സും പുതുവർഷവും സമീപിക്കുകയാണല്ലോ. മുഖാ വരണമായ മാസ്ക്കുകൾ ധരിക്കുവാനും, കൈകൾ കഴുകുവാനും, സാമൂഹ്യ അകലം പാലിക്കുവാനും ശ്രദ്ധിക്കുവിൻ. നമ്മുടെ ഉത്സ വങ്ങൾ ആചരിക്കുന്നത് നല്ലതു തന്നെയാണ്. "തന്റെ ഏകജാതനാ യ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്ക വണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). സന്തോഷപ്ര ദമായ ക്രിസ്തുമസ്സും സമ്പൽസമൃദ്ധിയുള്ള പുതുവർഷവും (2021) ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും ആശംസിക്കുന്നു.

**"യഹോവ നിന്നെ എല്ലായ്പ്പോഴും നടത്തുകയും വരണ്ട നില ത്തിലും നിന്റെ വിശപ്പ് അടക്കി, നിന്റെ അസ്ഥികളെ ബലപ്പെടു ത്തുകയും ചെയ്യും; നീ നനവുള്ള തോട്ടം പോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവുപോലെയും ആകും"** (യെശയ്യാവ് 58:11).

ഈ പുതുവർഷം ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ ശുശ്രൂഷകർ
പാസ്റ്റർ സാം, സാംസൺ

---

*1-ാം പേജിന്റെ തുടർച്ച...*

ശനത്തിലൂടെ തന്നെ വെളിപ്പെടുത്തി. വെളി പ്പാട് എന്നതിനെ നമുക്ക് മൂന്നായി തരം തിരി ക്കാം. (1) ദൈവം സ്വയം വെളിപ്പെടുന്നു, (2) ദൈവത്തിൽ നിന്നുള്ള വെളിപ്പാട്, (3) ദൈ വത്തെക്കുറിച്ചുള്ള വെളിപ്പാട്.

**1. ദൈവം സ്വയം വെളിപ്പെടുന്നു**

ശമൂവേൽ ബാലന് ദൈവം തന്നെത്ത ന്നെ സ്വയം വെളിപ്പെടുത്തി. ശമൂവേലിനെ ഒരു പ്രവാചകനായിട്ടും യിസ്രായേലിന്റെ ന്യാ യാധിപനായിട്ടും ആയിരിക്കുവാൻ ദൈവം താൽപര്യപ്പെട്ടു. ദൈവം അവനോട് നേരിട്ട് സംസാരിച്ചപ്പോൾ ശമൂവേൽ ബാലന്റെ ഹൃദ യത്തെയും മനസ്സിനെയും വിശാലമാക്കി. അ വൻ കാണുന്നതിനപ്പുറത്തേയ്ക്കു ചിന്തിക്കു വാനുള്ള വെളിപ്പാട് കർത്താവ് അവനു നൽ കി. ഈ കഴിവുള്ളതിനാൽ ജനങ്ങൾ അവ നെ ദർശകനായും പ്രവാചകനായും കാണാ

***വിളിയുടെ പ്രതിധ്വനി വരിക്കാരുടെ വരിസംഖ്യകൊണ്ടും നിങ്ങളെപ്പോലെയുള്ള നല്ല സുഹൃത്തുക്കളുടെ സഹായം കൊണ്ടുമാണ് ഈ ശുശ്രൂഷയെ ദൈവം നടത്തിക്കൊണ്ടിരിക്കുന്നത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു (2 കൊരിന്ത്യർ 9:7). ബലഹീനന്മാരെ നേടേതിന് ഞാൻ ബലഹീനർക്കു ബലഹീനനായി.... എല്ലാ മായിത്തീർന്നു (1 കൊരിന്ത്യർ 9:22)***

നിടവന്നു. 52 വർഷകാലം ശമുവേൽ യിസ്രായേലിന്റെ പ്രവാചകനായും ന്യായാധിപനായും ദൈവജനത്തെ നയിച്ചു.

യേശുക്രിസ്തുവിനുണ്ടായ വെളിപാടിൽ യേശു അവരോട് “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികെക്കുന്നതുതന്നെ എന്റെ ആഹാരം (യോഹന്നാൻ 4:34) എന്ന് പറഞ്ഞു. ദൈവത്തിന്റെ പ്രവൃത്തി നാം ചെയ്യണമെന്നാണ് ദൈവം ഉദ്ദേശിക്കുന്നത്. ദൈവഹിതം എന്തെന്ന് തിരിച്ചറിയാതിരുന്നാൽ നാം അപൂർണ്ണരായിരിക്കും. നമ്മുടെ ജീവിതത്തിൽ ദൈവഹിതം വെളിപ്പെട്ടുവരണം. അതാണ് ദൈവം ആഗ്രഹിക്കുന്നത്. ആഹാരം നമ്മുടെ ശരീരത്തിന് ശക്തിപ്രദാനം ചെയ്യുന്നതുപോലെ നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ പൂർത്തീകരണം ആത്മാവിന് സന്തോഷം പ്രദാനം ചെയ്യുന്നു. അത് നമ്മുടെ ആത്മാവിന് കരുത്തും മനസ്സിന് സംതൃപ്തിയും നൽകുന്നു. യേശുക്രിസ്തുവിനെ ദൈവം ലോകത്തിലേക്കയച്ചത് ഒരു പ്രവൃത്തിയുടെ പൂർത്തീകരണത്തിനായിരുന്നു. അത് ദൈവത്തിന് സംതൃപ്തിയുണ്ടാകുന്നവിധം യേശുക്രിസ്തു പൂർത്തീകരിച്ചു. കർത്താവ് ഇങ്ങനെ പറയുകയാണ്: “ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി; നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു” (യോഹന്നാൻ 17:4).

നമുക്കെല്ലാവർക്കും ഒരു വെളിപാട് ഉണ്ടായിരിക്കണം. നാം ഈ ഭൂമിയിൽ ജനിച്ചതിന്റെ ഉദ്ദേശം എന്തെന്ന് നാം മനസ്സിലാക്കണം. നിങ്ങൾ ഒരു പ്രത്യേക ദൗത്യത്തിനായാണ് ഈ ഭൂമിയിൽ വന്നതെന്നും സ്വയമായി വന്നതല്ല എന്നും മനസ്സിലാക്കണം. ഈ ലോകത്തിൽ കടന്നുവരുന്നവർക്കും വന്നവർക്കും ഒരു ലക്ഷ്യബോധമില്ലായിരുന്നു എങ്കിൽ ലോകം ഇന്നു കാണുന്നതുപോലെയൊന്നും ആകുമായിരുന്നില്ല. ഓരോ കാലഘട്ടത്തിലും മോശെയെയും പ്രവാചകന്മാരെപ്പോലെയുള്ളവരുമൊക്കെ ഉണ്ടായിരുന്നു (ലൂക്കോസ് 19:29). ഇവർ ജനത്തെ കാലാകാലങ്ങളായി ഉപദേശിച്ചു നയിച്ചുകൊണ്ടിരിന്നു. കർത്താവായ ദൈവം ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു (എഫെസ്യർ 4:11,12). ഓരോ തലമുറയിലും ഇവരെപ്പോലെയുള്ളവർ ശുശ്രൂഷ ചെയ്യുന്നുണ്ട് എന്ന് ദൈവം ഉറപ്പാക്കുന്നു. തന്റെ ഹിതം ഈ ഭൂമിയിൽ നിറവേറ്റുക എന്നതാണ് നമ്മുടെ ദൗത്യം.

ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട് നമുക്ക് ഉണ്ടാകുന്നതുവരെ ജീവിതത്തിൽ നാം എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് തീരുമാനം എടുക്കാൻ സാധിക്കുകയില്ല. ജീവിതം ദിശാബോധമില്ലാതെ നീങ്ങി പൂർത്തീകരണമില്ലാതെയാകും. പൂർത്തീകരണം വേണമെങ്കിൽ നാം ആഗ്രഹിക്കുന്നതുപോലെ ചെയ്താൽ പോരാ. ദൈവം നാം എന്തുചെയ്യണമെന്ന് ആഗ്രഹിക്കുന്നുവോ അതാണ് ചെയ്യേണ്ടത്. അതിനായി ദൈവം നമുക്ക് സ്വയമായോ വചനത്തിലൂടെയോ വെളിപ്പാട് തരണം. ദൈവം നമ്മുടെയെല്ലാവരുടെയും മുമ്പിൽ പ്രത്യക്ഷപ്പെട്ട് ഒരു വെളിപ്പാട് തരുമെന്ന് പ്രതീക്ഷിക്കാനാവില്ല. തന്റെ വചനത്തിലൂടെയും ദൈവത്തിനു വെളിപ്പാട് തരാൻ സാധിക്കും. നാം വചനം വായിക്കുമ്പോഴോ, അതിനെക്കുറിച്ച് ചിന്തിക്കുമ്പോഴോ, പ്രാർത്ഥിക്കുമ്പോഴോ, നാം ചെയ്യേണ്ടതെന്തെന്ന് ദൈവം നമുക്ക് വെളിപ്പെടുത്തിത്തരുന്നു. നാം ചെയ്യേണ്ടതെന്തെന്ന് ദൈവം വെളിപ്പെടുത്തിത്തരുമ്പോൾ അത് ശരിയായി ചെയ്യുവാനുള്ള ശക്തിയും പ്രദാനം ചെയ്യുന്നു. ഇത് നാം ചെയ്യുമ്പോൾ അളവില്ലാത്ത അനുഗ്രഹങ്ങളും സന്തോഷവുമെല്ലാം നമുക്ക് ലഭിക്കും. ഭക്ഷണം കഴിക്കുന്നതിനാൽ നമുക്ക് നിലനിൽക്കുവാൻ സാധിക്കുന്നു. അത് ശക്തിയും സംതൃപ്തിയും നൽകുന്നു. അത് ആവശ്യത്തിലുള്ളവരുമായി പങ്കുവയ്ക്കുവാനും സാധിക്കുന്നു. സാക്ഷാൽ ഭക്ഷണമായ യേശുക്രിസ്തു ദൈവഹിതമാണ് ഈ ഭൂമിയിൽ ചെയ്തത്. ദൈവഹിതം നാം നിറവേറ്റുകയാണെങ്കിൽ ദൈവം നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരും. നമ്മൾ ഭാരപ്പെടേണ്ട കാര്യമില്ല.

**2. ദൈവത്തിൽ നിന്നുള്ള വെളിപ്പാട്**

ദൈവത്തിന്റെ ഒരു സന്ദേശം യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (യിരെമ്യാവ് 1:4-10).

4. യെഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ:

5. നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനുമുമ്പെ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്നു പുറത്തുവന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു.

6. എന്നാൽ ഞാൻ: അയ്യോ, യഹോവയായ കർത്താവേ, എനിക്കു സംസാരിപ്പാൻ അറിഞ്ഞുകൂടാ; ഞാൻ ബാലനല്ലോ എന്നു പറഞ്ഞു.

7. അതിന്നു യഹോവ എന്നോടു അരുളിച്ചെയ്തത്; ഞാൻ ബാലൻ എന്നു നീ പറയരുത്; ഞാൻ നിന്നെ അയയ്ക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാരിക്കയും വേണം.

8. നീ അവരെ ഭയപ്പെടരുത്; നിന്നെ വിടുവിക്കേണ്ടതിനു ഞാൻ നിന്നോടുകൂടെ ഉണ്ടെന്നു യഹോവയുടെ അരുളപ്പാട്.

9. പിന്നെ യഹോവ കൈനീട്ടി എന്റെ വായെതൊട്ടു: ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു;

10. നോക്കുക; നിർമ്മൂലമാക്കുവാനും പൊളിപ്പാനും നശിപ്പിപ്പാനും ഇടിച്ചുകളവാനും പണിവാനും നടുവാനും വേണ്ടി ഞാൻ നിന്നെ ഇന്നു ജാതികളുടെമേലും രാജ്യങ്ങളുടെമേലും ആക്കിവച്ചിരിക്കുന്നു എന്ന് യഹോവ എന്നോടു കല്പിച്ചു.

യഹോവയുടെ വചനം യിരെമ്യാവിനു വെളിപ്പെട്ടു. ദൈവവചനം രാജ്യങ്ങളിലേക്കും ജനങ്ങളിലേക്കും എത്തിക്കുവാനായി അമ്മയുടെ ഉദരത്തിൽ നിന്നു തന്നെ അവനെ വിളിച്ചു വേർതിരിച്ചു. “വേരോടെ പിഴുതെറിയുവാനും, നശിപ്പിക്കുവാനും എറിഞ്ഞു കളയുവാനും, പണിയുവാനും നടുവാനുമായി” അവനെ വിളിച്ചു. ദൈവീകമല്ലാത്തവയെ നശിപ്പിച്ചുകളഞ്ഞ് പുതിയതിനെ നടുവാനും പണിയുവാനുമായി തന്നെ. ഇത് യഹൂദയുമായി ബന്ധപ്പെട്ട ഒരു പ്രത്യേക വെളിപ്പെടുത്തലാണ്. രാജ്യം ദൈവഹിതത്തിനെതിരായിത്തീർന്നതിനാൽ അതിനെ നശിപ്പിച്ചു കളഞ്ഞിട്ട് അതിന്റെ അവശിഷ്ടങ്ങളിൽ നിന്നും ഒരു പുതിയ രാഷ്ട്രത്തെ പണിയുവാനായിട്ടായിരുന്നു ദൈവഹിതം.

ദൈവഹിതത്തിൽ നിന്നും ദൈവജനം വ്യതിചലിക്കുമ്പോൾ അവരെ നശിപ്പിച്ചു കളഞ്ഞിട്ട് പുതുക്കിപ്പണിയുവാൻ ദൈവത്തിന് ഒരു മടിയുമില്ലായിരുന്നു. രാഷ്ട്രങ്ങളെ ബാധിക്കുന്ന എല്ലാ മഹാവിപത്തുകളുടെയും ചരിത്രം അതാണ് സൂചിപ്പിക്കുന്നത്. കൊറോണ രാഷ്ട്രങ്ങളിലെല്ലാം പടർന്നു പിടിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഇതിന്റെ അർത്ഥം രാഷ്ട്രങ്ങളെ ഉറക്കത്തിൽ നിന്നും ഉണർത്തുവാനും ദൈവീകമല്ലാത്തതിൽ നിന്നും അതിക്രമങ്ങളിൽ നിന്നും മോചിപ്പിക്കുവാനുമാണ്. ഇത് നാശത്തിനു വേണ്ടിയല്ല, മറിച്ച് തിരുത്തുവാനും പുതുക്കിപ്പണിയുവാനുമാണ്. അതിനാൽ ലോക രാഷ്ട്രങ്ങളേ, നിങ്ങൾ ഭയപ്പെടേണ്ട, ദൈവം പ്രവർത്തിക്കു

*6-ാം പേജിൽ തുടരും...*

# പരമനിയോഗദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)

## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!

### സ്തോത്രത്തിനായി

**ഡിസംബർ 19** : അസ്സോസിയേറ്റ് എഡിറ്റർ ബ്ര. പോൾരാജിനോടൊപ്പം ദൈവത്തിന്റെ സൗഖ്യമാക്കുന്ന കരം പ്രവർത്തിക്കുന്നു.

**ഡിസംബർ 20** : ഉറുദു ഭാഷയിൽ പുതിയ അസ്സോസിയേറ്റ് എഡിറ്ററെ തന്ന് ദൈവം അനുഗ്രഹിച്ചു.

**ഡിസംബർ 21** : മണിപൂരി ഭാഷയിൽ വിളിയുടെ പ്രതിധ്വനി മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു.

**ഡിസംബർ 22** : സെന്റ് പോൾ മെട്രിക്കുലേഷൻ സ്കൂളിലേക്ക് പുതിയ പ്രിൻസിപ്പാളിനെ ദൈവം തന്നതിനായി.

**ഡിസംബർ 23** : വിളിയുടെ പ്രതിധ്വനിയുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റിത്തന്നുകൊണ്ടിരിക്കുന്നതിനായി.

**ഡിസംബർ 24** : ഈ ക്രിസ്തുമസ് വരെയും ദൈവം നമ്മെ സംരക്ഷിച്ചതിനായി.

**ഡിസംബർ 25** : നമ്മുടെ വീണ്ടെടുപ്പുകാരനായി തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചതിനായി.

**ഡിസംബർ 26** : നമ്മുടെ 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ അച്ചടിച്ച നമ്മുടെ പ്രിന്റിംഗ് പ്രസ്സിനായും മിഷൻ ഫീൽഡുകളിൽ അവ എത്തിച്ചതിനായും.

**ഡിസംബർ 27** : കൊറോണ ബാധിച്ചവരെ സഹായിക്കാനും നമ്മുടെ ശുശ്രൂഷകളെ സഹായിക്കാനും മനസ്സായ നല്ല ഹൃദയത്തിനുടമകൾക്കായി.

**ഡിസംബർ 28** : കഴിഞ്ഞ വർഷങ്ങളിൽ വിളിയുടെ പ്രതിധ്വനി ശുശ്രൂഷകളെ സഹായിച്ചുകൊണ്ടിരിക്കുന്നവർക്കായി.

**ഡിസംബർ 29** : 2020 ൽ നമ്മുടെ സംസ്ഥാന കോഡിനേറ്റർമാരെ ദൈവം അത്ഭുതകരമായി പരിപാലിച്ചതിനായി.

**ഡിസംബർ 30** : **വിളിയുടെ പ്രതിധ്വനി**യുടെ മുഴുവൻ ടീമംഗങ്ങൾക്കായി.

**ഡിസംബർ 31** : 2020 മുഴുവനും ദൈവം നമ്മെ സംരക്ഷിച്ചതിനായി.

**ജനുവരി 01** : കഴിഞ്ഞ കാലങ്ങളിൽ **വിളിയുടെ പ്രതിധ്വനി**യെ പ്രാർത്ഥനയിലൂടെ സഹായിച്ചവർക്കായി.

**ജനുവരി 02** : വിളിയുടെ പ്രതിധ്വനിയുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, ഗ്രേറ്റ് കമ്മീഷൻ പങ്കാളികൾ എന്നിവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി.

**ജനുവരി 03** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിച്ചതിനായി.

### പ്രാർത്ഥനയ്ക്കായി

**ജനുവരി 04** : വിളിയുടെ പ്രതിധ്വനിയുടെ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും ദൈവം നിറവേറ്റേണ്ടതിനായി.

**ജനുവരി 05** : മുഖ്യ സഭ, സ്കൂൾ, ബൈബിൾ കോളേജുകൾ, അച്ചടിശാല, പ്രസിദ്ധീകരണങ്ങൾ, ഓഫീസ് എന്നിവയെയും ഇതിന്റെയെല്ലാം പ്രവർത്തകരെയും 2021ൽ പുതിയ അഭിഷേകത്താൽ നിറയ്ക്കുവാൻ.

**ജനുവരി 06** : ഇംഗ്ലീഷ് അസോസിയേറ്റ് എഡിറ്റർ ബ്ര. പോൾരാജിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി.

**ജനുവരി 07** : കോവിഡ് കാലത്തുള്ള വിളിയുടെ പ്രതിധ്വനിയുടെ പ്രവർത്തനക്കൾക്കായി.

**ജനുവരി 08** : കൊറോണ ഈ ലോകത്തിൽനിന്നും മാറ്റപ്പെടുവാൻ.

**ജനുവരി 09** : ബ്ര.എം.പോൾരാജ് രചിച്ച കിംഗ്ഡം ഓഫ് ഗോഡ് എന്ന തമിഴ് പുസ്തകത്തിന്റെ അച്ചടി വേഗം പൂർത്തിയാകുവാൻ

**ജനുവരി 10** : ലോകം മുഴുവനുമുള്ള സഭാവിഭാഗങ്ങൾ ഒരുമിക്കുവാൻ.

**ജനുവരി 11** : കൊറോണ ബാധിച്ച് പ്രീയപ്പെട്ടവരെ നഷ്ടപ്പെട്ട് വേദനയിലായിരിക്കുന്നവർക്കായി.

**ജനുവരി 12** : ലോകസമാധാനത്തിനായി.

**ജനുവരി 13** : ജയിൽ ശുശ്രൂഷയിലായിരിക്കുന്നവർക്കായി.

**ജനുവരി 14** : ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്, ബൈബിൾ കോളേജുകൾ എന്നിവയുടെ വികസനത്തിനായി.

**ജനുവരി 15** : പുതുവർഷത്തെക്കുറിച്ചുള്ള സീനിയർ പാസ്റ്ററിന്റെ കാഴ്ചപ്പാടുകൾ നിറവേറപ്പെടുവാൻ.

**ജനുവരി 16** : വടക്കെ ഇന്ത്യൻ ശുശ്രൂഷകരുടെ സംരക്ഷണത്തിനായി.

**ജനുവരി 17** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബങ്ങളുടെയും സംരക്ഷണത്തിനായി.

**ജനുവരി 18** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിക്കുവാനായി.

...4-ാം പേജിന്റെ തുടർച്ച

ന്നത് എല്ലാവരുടെയും നന്മക്കായാണ്. വേദന താൽക്കാലികവും പുനരുദ്ധാരണം ശാശ്വതമാണ്.

**3. ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട്.**

ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുക്കുന്നവനായി ദൈവം യിസ്രായേൽ ജനതയ്ക്ക് സ്വയം വെളിപ്പെടുത്തി. മിസ്രയീം ദേശത്തു നിന്ന് യിസ്രായേല്യർ കനാനിലേക്ക് യാത്ര തിരിച്ചു. അവർ ചെങ്കടലിലേക്ക് യാത്ര ചെയ്യുകയായിരുന്നു. പാലായനം ചെയ്തുകൊണ്ടിരുന്ന യിസ്രായേല്യരെ മിസ്രയീം സൈന്യം പിന്തുടർന്നു. ചെങ്കടലായിരുന്നു അവരുടെ മുമ്പിൽ. തങ്ങളുടെ ദുഃഖകരമായ അവസ്ഥയെക്കുറിച്ച് അവർ പിറുപിറുത്തു. മുന്നിൽ ചെങ്കടലും പിന്നിൽ ഫറവോന്റെ സൈന്യവും! മോശെയ്ക്ക് സ്വയം എന്തു ചെയ്യണമെന്നറിയില്ലായിരുന്നു. പക്ഷെ ഈ ജനത്തെ രക്ഷിക്കുവാൻ ദൈവം എന്തെങ്കിലും ചെയ്യുമെന്ന് അവന് ഉറപ്പായിരുന്നു.

“അതിനു മോശെ ജനത്തോട്: ഭയപ്പെടേണ്ട, ഉറച്ചു നില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും” (പുറപ്പാട് 14:13,14).

തന്റെ വടി ചെങ്കടലിനു നേരെ നീട്ടി അതിനെ വിഭജിക്കുവാൻ യഹോവ മോശെയോടു കല്പിച്ചു. അത്ഭുതം സംഭവിച്ചു. ദൈവം ചെങ്കടലിനെ രണ്ടായി വിഭജിച്ചു. യിസ്രായേൽ ജനം ഉണങ്ങിയ നിലത്തിലൂടെ ചെങ്കടൽ കടന്നു. മിസ്രയീമ്യർ അവരെ പിന്തുടർന്നെങ്കിലും കടലിന്റെ മദ്ധ്യേ എത്തിയപ്പോൾ വെള്ളം കൂടിച്ചേരുകയും എല്ലാവരെയും വെള്ളം മൂടുകയും ചെയ്തു. ദൈവം അങ്ങനെ യിസ്രായേല്യർക്കു സ്വയം വെളിപ്പെടുത്തി.

മിസ്രയീമിൽ നിന്നും തിരിച്ചപ്പോൾ യിസ്രായേല്യർ കരുതിയിരുന്ന ഭക്ഷണമെല്ലാം തീർന്നു പോയി. അതിനാൽ ദൈവം 40 വർഷത്തോളം രണ്ടു ദശലക്ഷം യിസ്രായേല്യർക്ക് ഭക്ഷിക്കുവാനുള്ള മന്ന ദിനംപ്രതി നൽകി പരിപാലിച്ചു. അവർക്ക് വെള്ളം അവശ്യമായിരുന്നപ്പോൾ ഹോരേബിൽ വച്ച് മോശെയോട് പാറയെ അടിക്കുവാൻ കല്പിച്ച പ്രകാരം ചെയ്തപ്പോൾ വെള്ളം പുറപ്പെട്ടു. ജനത്തിന്റെ ദാഹം ശമിപ്പിച്ചു. ആ സ്ഥലത്തെ മെരീബ എന്ന് മോശെ വിളിച്ചപേർ അങ്ങനെ സ്ഥാപിതമായി (പുറപ്പാട് 17:1-7).

യാത്ര ചെയ്തുകൊണ്ടിരിക്കുന്ന യിസ്രായേൽ ജനങ്ങൾക്ക് യോർദ്ദാൻ നദി തടസ്സമായി വന്നപ്പോൾ, തങ്ങളെത്തന്നെ വിശുദ്ധീകരിച്ച് ഒരു അത്ഭുതത്തിനായി കാത്തിരിക്കുവാൻ യോശുവ ജനത്തോട് പറഞ്ഞു. പുരോഹിതന്മാരും ലേവ്യരും യഹോവയുടെ പെട്ടകം ചുമന്നുകൊണ്ട് മുമ്പോട്ടു നടന്ന് ജലത്തിൽ കാൽ വച്ചപ്പോൾ നദി ഒരു ചിറയായി നിന്നു താഴോട്ടുള്ള ജലം വാർന്നുപോകുകയും ജനങ്ങളും കന്നുകാലികളുമെല്ലാം ഉണങ്ങിയ നിലത്തിലൂടെ അക്കരെ കടക്കുകയും ചെയ്തു.

തന്റെ മഹത്വമേറിയ കരത്തിനാൽ ദൈവം തന്നെത്തന്നെ യിസ്രായേൽ ജനങ്ങൾക്കു വെളിപ്പെടുത്തി. ദൈവം വെളിപ്പെടുന്നു! നമ്മുടെ ദൈവം അത്ഭുതത്തിന്റെ ദൈവമാണ്!

“മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ട; പണ്ടുള്ളവയെ നിരൂപിക്കയും വേണ്ട. ഇതാ, ഞാൻ പുതിയതൊന്നു ചെയ്യുന്നു; അതു ഇപ്പോൾ ഉത്ഭവിക്കും, നിങ്ങൾ അത് അറിയുന്നില്ലയോ? അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും” (യെശയ്യാവ് 43:18,19).

നമ്മുടെ ദൈവം അത്ഭുതം പ്രവർത്തിക്കുന്ന ദൈവമാണ്. ശമുവേലിനും, കരഞ്ഞുകൊണ്ടിരുന്ന മഗ്ദലന മറിയയ്ക്കും, പത്മൊസിലെ യോഹന്നാനും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി. യിരെമ്യാ പ്രവാചകന് തന്റെ ദൗത്യം നിറവേറ്റുവാനുള്ള വെളിപ്പാട് ദൈവം നൽകി. വാഗ്ദത്ത ദേശത്തേയ്ക്ക് യാത്രചെയ്തുകൊണ്ടിരുന്ന യിസ്രീയേല്യർക്ക് ദൈവം സ്വയം വെളിപ്പെടുത്തി.

1. ദൈവത്തിന്റെ വെളിപ്പാട്
2. ദൈവത്തിൽ നിന്നുള്ള വെളിപ്പാട്
3. ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട്

ഈ മൂന്നു കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണംകൊണ്ട് വേദപുസ്തകം നിറഞ്ഞിരിക്കുന്നു. വിശുദ്ധ കനാനിലേക്കുള്ള യാത്രയിൽ ദൈവം തന്നെതന്നെ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരട്ടെയെന്ന് പ്രത്യാശിക്കുന്നു.

# മനുഷ്യനെക്കൊണ്ട് ദൈവം എന്താണ് ആഗ്രഹിക്കുന്നത്?

റവ.പി. വേദനായകമണി

“മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു; ന്യായം പ്രവർത്തിക്കാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടും നടപ്പാൻ അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?” (മീഖാ. 6:8)

ദൈവവുമായി നല്ല വ്യക്തിബന്ധം നിലനിർത്തുവാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. സൃഷ്ടിയുടെ പ്രധാന ലക്ഷ്യവും ഇതാണ്. ഈ ബന്ധം നിലനിൽക്കുവാൻ ദൈവം മനുഷ്യനിൽ നിന്നും എന്താണ് ആവശ്യപ്പെടുന്നത്? ദൈവത്തിന്റെ യഥാർത്ഥവുമായുള്ള ആവശ്യത്തെക്കുറിച്ച് വേദപുസ്തകം പ്രഖ്യാപിക്കുന്നു.

ദൈവത്തിൽ ആദർശവും യാഥാർത്ഥ്യവും സമാനമായതാണ്. ദൈവം എങ്ങനെയാണോ, അങ്ങനെതന്നെ ആയിരിക്കുന്നു. പക്ഷെ മനുഷ്യനിൽ ഇവ സമാനമല്ല. താൻ പരിശുദ്ധനാണെന്ന് സ്വയം കരുതുന്ന ഒരു മനുഷ്യൻ യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ വ്യക്തിപരമായി ഞാൻ എത്ര ഹീനനാണെന്ന് സ്വയം പരിതപിക്കുന്നു. മാനവ ചരിത്രത്തിൽ യേശുക്രിസ്തു മാത്രമാണ് ആദർശത്തെയും യാഥാർത്ഥ്യത്തെയും ഒരുമിച്ചുകൊണ്ടു പോയതെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

മനുഷ്യന്റെ അനുഭവത്തിൽ യഥാർത്ഥവും ആദർശവും സമാനമല്ലാത്തതിനാൽ, നമ്മുടെ അന്വേഷണത്തെ രണ്ടുഭാഗത്തിലൂടെ ഉത്തരം നൽകുവാൻ ഞാൻ ശ്രമിക്കുകയാണ്. ഒന്നാമത് ദൈവത്തിന്റെ ആദർശപരമായ ആവശ്യവും രണ്ടാമതായി ദൈവത്തിന്റെ യഥാർത്ഥ ആവശ്യവും.

**ദൈവത്തിന്റെ ആദർശപരമായ ആവശ്യം!**

ദൈവത്തിന്റെ ഉത്തമവും യഥാർത്ഥവുമായ ആവശ്യമെന്താണെന്ന് ആവർത്തന പുസ്തകത്തിലൂടെ ദൈവം വെളിപ്പെടുത്തുന്നു. ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും അവന്റെ കല്പനകളെ പ്രമാണിക്കുകയും ചെയ്യുക എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. “നിന്റെ ദൈവമായ യഹോവയെ നീ സ്നേഹിച്ചു അവന്റെ പ്രമാണങ്ങളും ചട്ടങ്ങളും വിധികളും കല്പനകളും എല്ലായ്പ്പോഴും പ്രമാണിക്കേണം” (ആവർത്തനപുസ്തകം 11:1). പഴയനിയമത്തിലെ പ്രമുഖനായ മീഖാ പ്രവാചകൻ ഇങ്ങനെ പറയുന്നു: “ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കു

ന്നത്?" (മീഖ. 6:8). ഈ രണ്ടു വാക്യങ്ങളിലും യഹോവയുടെ ആവശ്യം എന്താണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

യേശുക്രിസ്തുവിനോട് ഒരു പുരോഹിതൻ ചോദിക്കുന്ന ചോദ്യത്തിലൂടെ നാം എങ്ങനെയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ചോദ്യത്തിനു മറുപടിയായി "യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന; രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു" എന്നു പറഞ്ഞു. മോശെയും മീഖയും പറഞ്ഞതെല്ലാം ദൈവത്തെയും കൂട്ടുകാരനെയും സ്നേഹിക്കുന്നതിലൂടെ പൂർത്തിയാകുന്നു.

മറ്റൊരു ഭാഗത്തിൽ ഇതിനെക്കുറിച്ച് സംസാരിക്കുമ്പോൾ യേശുക്രിസ്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണൻ ആകുവിൻ" (മത്തായി. 5:48). പാപം എന്നതിന്റെ നേർവിപരീതമാണ് സൽഗുണപൂർണ്ണൻ എന്ന വാക്കിന്റെ അർത്ഥം. അതായത് നി ങ്ങൾ പാപമില്ലാത്തവരായിരിക്കുവിൻ!

ഇതുകൊണ്ട് എന്താണ് ദൈവം വെളിപ്പെടുത്തുന്നത്? ദൈവം തന്നെപ്പോലെ എല്ലാ മനുഷ്യരും സൽഗുണ പൂർണ്ണതയുള്ളവരായിരിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ആവശ്യങ്ങളിൽ ഇതാണ് ആദ്യത്തേത്. എന്തിനാണോ ദൈവം എന്നെ സൃഷ്ടിച്ചത് അതു ഞാൻ പൂർത്തീകരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതാണ് പൂർണ്ണത.

നാം ദൂതന്മാരെപ്പോലെ ആകുവാൻ ദൈവം ഉദ്ദേശിക്കുന്നില്ല. ദൈവം നമുക്ക് ദൂതന്മാരുടെ സ്വഭാവവും നൽകിയിട്ടില്ല. ഒരു പുരുഷൻ പുരുഷനായും ഒരു സ്ത്രീ, സ്ത്രീയായും ഒരു ശിശു, ശിശുവായും ഇരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഒരു ശിശു, അതിന്റെ സ്വഭാവം നഷ്ടപ്പെടുത്തുകയാണെങ്കിൽ ശിശു എന്നുള്ള വിളിക്ക് യോഗ്യത നഷ്ടപ്പെടുന്നു. ദൈവം ആഗ്രഹിക്കുന്നതുപോലെ തന്നെ തന്റെ സൃഷ്ടികളും ആയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

മാനവരാശിക്ക് പരിപൂർണ്ണത നേടുവാനുള്ള അഭിനിവേശ്യം സ്വാഭാവികമാണ്. മറിച്ചുള്ള വ്യക്തികളെ കാണാൻ പ്രയാസമാണ്. പരിപൂർണ്ണത നേടുവാൻ സാധിക്കുകയില്ല എന്നുള്ളത് ഒരു ക്രിസ്ത്യാനിക്കു മാത്രം ചിന്തിക്കാൻ കഴിയുന്നതാണ്. തങ്ങൾ എന്താകുമെന്നോ എന്തായിത്തീരണമെന്നോ സ്വപ്നം കാണാത്ത ഏതെങ്കിലും യുവതീ യുവാക്കളെ നിങ്ങൾ കണ്ടിട്ടുണ്ടോ? അവർ ആഗ്രഹിക്കുന്ന ലക്ഷ്യത്തിലെത്തിച്ചേരുക എന്നത് അവരുടെ അഭിനിവേശമാണ്. പരിപൂർണ്ണതയിലേക്കുള്ള അഭിനിവേശം പൂർണ്ണതയുടെ സാധ്യതയെ സൂചിപ്പിക്കുന്നു. മനുഷ്യൻ തന്നോടൊപ്പം നടക്കണമെന്നും നീതി പുലർത്തണമെന്നും കരുണയോടെയായിരിക്കണമെന്നും ദൈവം ആവശ്യപ്പെടുന്നു. മനുഷ്യർ സ്വന്തജീവിതം എങ്ങനെയാണെന്ന് തിരിച്ചറിഞ്ഞ് ദൈവത്തോടൊപ്പം ജീവിക്കുവാൻ ശ്രമിക്കുക. ഇതുതന്നെയാണ് ഞാൻ അനുയോജ്യമായ ആവശ്യകത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ദൈവത്തിന്റെ അനുയോജ്യകരമായ ആവശ്യകത എന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് നമ്മെ പാപബോധത്തിലേക്ക് നയിക്കുന്നു. ഇതിനു കാരണം, ദൈവത്തിന് നമ്മെക്കുറിച്ചുള്ള ആവശ്യകതയിൽ നിന്നും നാം വളരെ പിന്നിലാണെന്ന് സ്വയം അറിയാവുന്നതുകൊണ്ടാണ്. ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ ആഗ്രഹിക്കുമ്പോൾ നാം എവിടെയൊക്കെയാണ് വീണുപോയതെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഞാൻ എഴുതിയത് എഴുതി എന്ന് പീലാത്തോസ് യഹൂദ പുരോഹിതന്മാരുടെ കണ്ണിൽ നോക്കി തറപ്പിച്ച് പറയുന്നത് അഹങ്കാരത്തിന്റെ സ്വരമായി നമുക്ക് തോന്നാം. പ ക്ഷെ ഈ വാക്കുകൾക്ക് പീലാത്തോസ് ഉദ്ദേശിച്ചതിനെക്കാൾ അർത്ഥവ്യാപ്തിയുണ്ട്. ഞാൻ ചെയ്തത് എന്തുവിലകൊടുത്താലും മാറ്റുവാൻ സാദ്ധ്യമല്ല എന്ന് നമുക്ക് വളരെ ലളിതമായി ചിന്തിക്കാം. കഴിഞ്ഞ കാലങ്ങളിലെ പരാജയങ്ങൾ നമുക്ക് ഇനി മാറ്റുവാൻ സാദ്ധ്യമല്ല.

ചിലരുടെ ജീവിതം ലോകനിലവാരം വച്ച് നോക്കുമ്പോൾ കുറ്റം ആരോപിക്കാൻ കഴിയാത്തതാണെന്നു തോന്നാം. പക്ഷെ ദൈവം നമ്മെക്കൊണ്ട് ഉദ്ദേശിക്കുന്ന ജീവിത നിലവാരത്തിൽ നാം എത്തിയിട്ടില്ല എങ്കിൽ എവിടെയൊക്കെയോ, എന്തൊക്കെയോ പരിപൂർണ്ണത ഇല്ല എന്നു മനസ്സിലാക്കാം. തന്റെ ജീവിതം എങ്ങനെയായിരിക്കണമെന്നാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ മാത്രമേ ഞാൻ പാപം ചെയ്ത് പരാജയപ്പെട്ടുപോയി എന്ന് ഏറ്റുപറയാൻ സാധിക്കുകയുള്ളൂ.

### ദൈവത്തിന്റെ യഥാർത്ഥമായ ആവശ്യം

പാപിയായ എന്നിൽ നിന്നും ദൈവം എന്താണ് ആവശ്യപ്പെടുന്നത്? തന്റെ ക്രൂശ് മരണത്തിലൂടെ നമുക്ക് പാപമോചനവും, ഉയിർത്തെഴുന്നേൽപ്പിലൂടെ ആത്മീയ ശക്തിയും യേശുക്രിസ്തു പ്രദാനം ചെയ്തു. അതിന്റെ വെളിച്ചത്തിൽ തന്റെ കാലഘട്ടത്തിലുള്ള ദോഷൈകദൃക്കുകളായ ജനത്തോട് ഇങ്ങനെ യേശുക്രിസ്തു പറഞ്ഞു: "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ" (യോഹന്നാൻ 6:29). തങ്ങളുടെ പ്രവൃത്തികൾകൊണ്ട് അവർ രക്ഷിക്കപ്പെട്ടു എന്ന് ചിലർ പറയുന്നു. ചിലർ പറയുന്നത് ഇനി ഒന്നും ചെയ്യാനില്ല വിശ്വസിക്കമാത്രം ചെയ്താൽ മതി എന്നാണ്. പക്ഷെ ക്രിസ്തു പറയുന്നത്: "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ" എന്നാണ്. അവരാണോ ക്രിസ്തുവാണോ ശരി എന്നു ചിന്തിക്കുവിൻ. ശരി ക്രിസ്തുവിന്റേതാണ്. യേശുക്രിസ്തു അർത്ഥമാക്കിയത് താൻ വെറും ഒരു രാജാവ് മാത്രമല്ല, വീണ്ടെടുപ്പുകാരനും കൂടെയാണ്. അവരുടെ പരാജയവും പാപവും കണ്ട് യേശു പറഞ്ഞു: നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ അവന്റെ പ്രവൃത്തി ചെയ്യും. അവരെ ശുദ്ധീകരിക്കുവാനും, പുതുസൃഷ്ടിയാക്കുവാനും, ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യിക്കുവാനും, ദൈവത്തിനു കഴിയും. അതിനാൽ മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കുക എന്നതാണ് അവരുടെ ആദ്യത്തെ ഉത്തരവാദിത്തം.

ദൈവത്തിന് നമ്മോടുള്ള അവകാശത്തെ ശ്രവിച്ച് അത് അനുസരിക്കുക. ഇങ്ങനെയാണ് അവനിൽ വിശ്വസിക്കുവാൻ സാധിക്കുക. പാപം ചെയ്ത് പരാജയപ്പെട്ടുപോയ ജനങ്ങളിൽ നിന്നും ദൈവം ആവശ്യപ്പെടുന്നത് ഇതാണ്. ദൈവത്തിലും, അവൻ അയച്ച തന്റെ പുത്രനായ ക്രിസ്തുവിനെയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക.

ഓരോ മനുഷ്യന്റെയും പുതുജീവിതത്തിനാവശ്യമായതെല്ലാം യേശുക്രിസ്തു നൽകുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. "അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവൻ രക്തത്തിൽ നിന്നല്ല, ജഡ

ത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്" (യോഹന്നാൻ 1:11-13).

ഈ ഭാഗത്തിൽ യോഹന്നാൻ രണ്ടു പദങ്ങൾ ഉപയോഗിക്കുന്നു: "കൈക്കൊള്ളുക, വിശ്വസിക്കുക". ഇവ രണ്ടും ഒരേ അർത്ഥ ത്തിൽ ഉള്ളവയാണ്. യേശുക്രിസ്തുവിനെ വിശ്വസിക്കണമെങ്കിൽ അവനെ കൈക്കൊള്ളണം.

ക്രിസ്തുവിലൂടെ പാപമോചനവും വീണ്ടും പാപം ചെയ്യാതിരിക്കുവാനുമുള്ള ശക്തിയും പ്രദാനം ചെയ്യുന്നു. ഇപ്പോൾ അവൻ എന്താണ് ആവശ്യപ്പെടുന്നത്? എനിക്ക് ദാനം ചെയ്യുന്നതെന്താണോ അതു ഞാൻ സ്വീകരിച്ച് അവനെ രാജാവായി വാഴിക്കുകയും അങ്ങ് അയയ്ക്കുന്ന വീണ്ടെടുപ്പുകാരനിൽ വിശ്വസിക്കുകയും എനിക്കു മുമ്പിൽ വച്ചിരിക്കുന്ന നിത്യജീവൻ കൈക്കൊള്ളുകയും വേണം. ഇതാണ് പാപം ചെയ്യുന്ന ഒരു ആത്മാവിനു വേണ്ട ആദ്യത്തെ ആവശ്യം. ഏകരക്ഷകനെ ദൈവം നമ്മുടെ മുന്നിൽ കാഴ്ചവയ്ക്കുകയാണ്. ദൈവം അയച്ച രക്ഷകന്റെ മുന്നിൽ നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും അവനിൽ വിശ്വസിക്കുകയും വേണം.

ദൈവം നമ്മോട് ആവശ്യപ്പെടുന്നത് എന്തെന്ന് നാം വ്യക്തമായി മനസ്സിലാക്കണം. നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിലെ പരിപൂർണ്ണത അല്ലാതെ മറ്റൊന്നും സ്വീകരിക്കുവാൻ അവൻ തയ്യാറുമല്ല. ദൈവത്തിന്റെ യഥാർത്ഥമായ മാനദണ്ഡത്തിൽ നിന്നും പിന്നോട്ട് ആയിപ്പോയ ഒരാളെയും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പിക്കുകയുമില്ല. കർത്താവായ യേശുവിൽ വിശ്വാസം അർപ്പിച്ച് ദൈവത്തിന്റെ സ്വർഗ്ഗീയമായ പദ്ധതിയിലേക്ക് എത്തിച്ചേരണമെന്നാണ് അവന്റെ ഇഷ്ടം.

യൂദാ 1:24-"വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം" പരിപൂർണ്ണത നേടേണം. അതുമാത്രമേ ദൈവം സ്വീകരിക്കുകയുള്ളു. നാം ദൈവസന്നിധിയിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കുമ്പോൾ, നമ്മുടെ എല്ലാ കുറവുകളെയും പരിഹരിച്ച്, നാം എവിടെയൊക്കെ തെറ്റിപ്പോയോ അതെല്ലാം ശരിയാക്കി നമ്മെ പരിപൂർണ്ണതയിലേക്ക് ദൈവം നടത്തും.

ക്രിസ്തുവിൽ നമ്മെ ആദ്യമായി സമർപ്പിക്കുമ്പോൾ പരിപൂർണ്ണത കൈവരിക്കുവാൻ സാദ്ധ്യമല്ല. ജീവന്റെയും സ്നേഹത്തിന്റെയും നാഥനായ കർത്താവ് ദമസ്ക്കോസിന്റെ പടിവാതിക്കൽ വച്ച് ശൗലിനെ വീഴ്ത്തി. 30 വർഷത്തോളം വിജയകരമായ ദൈവീക ശുശ്രൂഷയ്ക്കു ശേഷം ശൗൽ ഫിലിപ്പിയർക്ക് ലേഖനം എഴുതുമ്പോൾ ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് എനിക്കും അത് പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ഫിലിപ്പിയർ 3:12). തീയിലൂടെയും, നഗ്നതയിലൂടെയും, കഷ്ടപ്പാടിലൂടെയും, വാളിലൂടെയും കടന്ന് മുപ്പതു വർഷക്കാലം നേടിയ ക്രിസ്തീയ പരിചയങ്ങളും നേട്ടങ്ങളും ഉള്ള പൗലൊസ് പറയുന്നത് താൻ ഇപ്പോഴും പരിപൂർണ്ണത നേടിയിട്ടില്ല എന്നാണ്.

എന്റെ പ്രിയ സഹോദരന്മാരേ, ഈ പരിപൂർണ്ണത പെട്ടെന്ന് നേടിയെടുക്കാൻ കഴിയുന്നതല്ല. പക്ഷെ ദൈവീക ശക്തി കൊണ്ടുമാത്രം ഇത് നേടിയെടുക്കാൻ സാധിക്കും. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു (ഫിലിപ്പിയർ 8:13,14). ഈ വാക്യത്തിലൂടെ അദ്ദേഹം അർത്ഥമാക്കുന്നതെന്തെന്നാൽ, സഭയെ ഉപദ്രവിക്കുവാനുള്ള പരിശ്രമത്തിൽ അദ്ദേഹം പുലർത്തിയ തീക്ഷ്ണതയും അഭിനിവേശവും ഉത്സാഹവുമെല്ലാം ഇപ്പോൾ ലക്ഷ്യം കൈവരിക്കുവാനും താൻ എങ്ങനെയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അവിടെ എത്തുവാൻ സഹായിക്കുകയും ചെയ്യുന്നു.

ഒരുപക്ഷെ, ഈ ലേഖനം വായിക്കുന്ന നിങ്ങൾ എന്റെ പ്രായത്തിനേക്കാളേറെ വർഷങ്ങൾ ക്രിസ്ത്യാനികൾ ആയിരിക്കാം. ഒരുപക്ഷെ നിങ്ങളിൽ ചിലരെങ്കിലും ദൈവത്തോട് എന്നെക്കാളും കൂറുള്ളവരുമായിരിക്കാം, ഇപ്പോൾ ക്രിസ്തീയ ജീവിതം ആരംഭിച്ചിരിക്കുന്നവരും ആയിരിക്കാം. നിങ്ങൾ ഓർക്കേണ്ട ഒരു കാര്യം ആത്യന്തികമായ പരിപൂർണ്ണതക്കാവശ്യമായ എല്ലാം നിങ്ങളുടെ പക്കൽ തന്നെ ഉണ്ട്. ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ തന്നെ അവന്റെ എല്ലാ പരിപൂർണ്ണതയും ലഭിച്ചുകഴിഞ്ഞതാണ്. നിങ്ങളുടെ നല്ല പ്രവർത്തനങ്ങളിലൂടെ ദൈവീക സിംഹാസനം നേടിയെടുക്കുവാനും സാധിക്കും. ഈ ദൈവീക ശക്തി കൂടാതെ പൂർണ്ണത സാദ്ധ്യമല്ല.

പൂർണ്ണത കൈവരിക്കുവാനുള്ള പ്രാഥമികവും ശാശ്വതവുമായ ആവശ്യകതയാണ് വിശ്വാസം. 40 വർഷം മുമ്പ് ഞാൻ കർത്താവിനെ സ്വീകരിച്ചാലും ഇപ്പോൾ ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. നിങ്ങളുടെ മുൻകാല അനുഭവങ്ങളെ ഞാൻ കുറച്ചു കാണുന്നില്ല. വിശ്വാസം എന്നത് ഒരു മനോഭാവമാണ്. അത് കൂടാതെ ആർക്കും പൂർണ്ണത കൈവരിക്കുവാൻ സാദ്ധ്യമല്ല.

ഞാൻ ദൈവത്തിൽ വിശ്വസിക്കുമ്പോൾ എന്റെ അയൽക്കാരനെ എന്നെപ്പോലെ തന്നെ സ്നേഹിക്കാൻ കഴിയും. മനുഷ്യരോട് സ്നേഹം പ്രകടിപ്പിക്കുവാൻ കഴിഞ്ഞാൽ മാത്രമേ എനിക്ക് ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ച് പാടുവാൻ അർഹതയുള്ളൂ. എന്റെ സഹോദരന്റെ ആവശ്യകതകളെ കണ്ടിട്ട് അവനോടു ഞാൻ അനുകമ്പ കാണിക്കാതിരിക്കുകയാണെങ്കിൽ ക്രിസ്തുവിന്റെ സ്നേഹം എന്നിൽ എങ്ങനെ വസിക്കും? നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നും വചനം പ്രഖ്യാപിക്കുന്നു. ഈ ഒരു നിലവാരത്തിലേക്ക് നാം ഉയരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ സ്നേഹത്തിലൂടെ മാത്രമേ ക്രിസ്തുവിനോടുള്ള സ്നേഹം വെളിപ്പെടുകയുള്ളൂ.

നമുക്ക് അവനിൽ വിശ്വാസം അർപ്പിച്ച് വിമോചനത്തിനായി അവനിൽ ആശ്രയിക്കാം. പാപത്തെ പൂർണ്ണമായും ഉപേക്ഷിച്ച് പൂർണ്ണതയിലേക്ക് നമുക്ക് കൂടുതൽ അടുത്തു ചെല്ലാം. അവനിൽ വിശ്വസിക്കുന്നതിനോടൊപ്പം ദൈവീകാവശ്യങ്ങൾ നിറവേറ്റി നിത്യജീവൻ പ്രാപിക്കാം. ദൈവം നമ്മെക്കൊണ്ട് ആവശ്യപ്പെടുന്ന അന്തിമ ആവശ്യങ്ങൾ നിറവേറ്റുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്
## PIT TO PALACE
### (പാസ്റ്റർ സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" മത്തായി 24:15

**"ഞാൻ എളിയവനും ദരിദ്രനും ആകുന്നു, എങ്കിലും കർത്താവ് എന്നെ വിചാരിക്കും"** (സങ്കീർത്തനങ്ങൾ 40:17)

ഏകദേശം നാല്പത്തി ആറു വർഷങ്ങൾക്കു മുമ്പ് ചെന്നൈയിൽ ഒരു മഹാ ഉണർവ്വുയോഗം നടന്നു. സൗത്ത് ആഫ്രിക്കയിൽ നിന്നും ചില പ്രാസംഗികർ കടന്നുവന്നു. അവരിലൂടെ ദൈവം വൻകാര്യങ്ങൾ ചെയ്തു. അനേകർ അത്ഭുതങ്ങൾക്കു സാക്ഷികളാകുകയും യേശുക്രിസ്തുവിനെക്കുറിച്ചുള്ള സദ്വാർത്ത ആദ്യമായി ശ്രവിക്കുകയും ചെയ്തു. ഒരു പ്രവർത്തകനായി ഞാനും അവരോടൊപ്പം ഉണ്ടായിരുന്നു.

അവസാന യോഗത്തിനുശേഷം ഈ യോഗങ്ങളുടെ നടത്തിപ്പിനായി പ്രവർത്തിച്ചവരുടെയും അതിഥികളുടെയും ഒരു ചെറിയകൂട്ടം ഒരുമിച്ചു ചേർന്നു. പെട്ടെന്ന് ആഫ്രിക്കയിൽ നിന്നും വന്ന മുഖ്യപ്രാസംഗികൻ എന്നെ വിളിച്ച് വിവരങ്ങൾ തിരക്കുകയും എന്റെ കഠിനാദ്ധ്വാനത്തെ അഭിനന്ദിക്കുകയും ചെയ്തു. ഞാൻ അവിടെ ബാനറുകൾ കെട്ടി ഉറപ്പിക്കുകയും ഉണർവ്വ് യോഗങ്ങൾക്കു കടന്നു വന്നവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയുമാണ് ചെയ്തത്.

ഞാൻ എവിടെ നിന്നാണ് കടന്നുവന്നതെന്ന് അദ്ദേഹം തിരക്കി. കൂടാതെ രാവിലെ 4 മണിക്ക് അവർ മടങ്ങിപ്പോകുമ്പോൾ എയർപോർട്ടിൽ വരാമോ എന്നും ചോദിച്ചു. അത് വളരെ നേരത്തെ ആണെന്നും എനിക്ക് ഒരു പഴയ സൈക്കിൾ മാത്രമാണ് ഉള്ളതെന്നും, ഏകദേശം 25 കിലോമീറ്ററോളം അതിൽ വരിക എന്ന് പറയുന്നത് പ്രയാസമാണെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചു.

പെട്ടെന്ന് അദ്ദേഹം ചുറ്റും നോക്കിയിട്ട് പട്ടണത്തിൽ നിന്നുള്ള ഒരു പ്രാസംഗകനെ പേരെടുത്ത് പറഞ്ഞ് വിളിച്ച് ഇങ്ങനെ പറഞ്ഞു: "ഇത് ബ്രദർ സാം സെവൽവരാജ്. ഇദ്ദേഹം സ്വമേധയാ കഠിനമായി യോഗത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നത് ഞാൻ കണ്ടു. ഞാൻ ഇവനിൽ ഒരു പ്രത്യേകത കാണുന്നു. ഞാൻ എയർപോർട്ടിൽ നിന്നു ഇന്ത്യവിട്ട് പോകുന്നതിനു മുമ്പ് ഇദ്ദേഹവുമായി അല്പസമയം ചെലവഴിക്കുവാൻ ആഗ്രഹിക്കുന്നു. അവൻ സാമ്പത്തിക ശേഷി കുറഞ്ഞവനായിരുന്നാലും എയർപോർട്ടിൽ വരുവാനായി വാഹനമൊന്നും ഇല്ലാത്തതിനാലും താങ്കൾ ഇയാളെക്കൂടെ നിങ്ങളുടെ കാറിൽ കൊണ്ടുവന്നാൽ സന്തോഷമായിരുന്നു. താങ്കൾ എന്നെ യാത്രയയക്കാൻ എയർപോർട്ടിൽ വരുമല്ലോ". ആ സുവിശേഷ സഹോദരന് എന്നോട് വളരെ ദേഷ്യമുണ്ടായി. മുഖ്യ പ്രാസംഗികനോട് ഇങ്ങനെ പറഞ്ഞു: "എന്റെ കാറിൽ ഇയാളക്കൂടെ കൂട്ടുവാൻ സ്ഥലമില്ല. അവൻ എയർപോർട്ടിലേക്ക് വരണ്ട". മുഖ്യപ്രാസംഗികൻ അയാളോട് ഇങ്ങനെ ചോദിച്ചു: "എയർപോർട്ടിലേക്ക് താങ്കളുടെ കൂടെ ആരെങ്കിലും വരുന്നുണ്ടോ?" "എന്റെ കൂടെ ആരും വരുന്നില്ല. പക്ഷെ എനിക്ക് ഈ ദരിദ്രനെ സഹായിക്കുവാൻ കഴിയുകയില്ല".

മുഖ്യപ്രാസംഗികൻ ഈ വാക്കുകൾ കേട്ട് ഞെട്ടിപ്പോയി. അദ്ദേഹമെന്നെ അരികിൽ വിളിച്ചു, തന്റെ കരങ്ങൾ എന്റെ തലയിൽവച്ച് കണ്ണുനീരോടുകൂടി എനിക്ക് ഭൗതിക നന്മകൾ ലഭിക്കുവാനായി പ്രാർത്ഥിച്ചു. എന്നിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "പ്രിയ സഹോദരാ ഞാൻ സേവിക്കുന്ന ദൈവത്തിന്റെ എളിയ ശുശ്രൂഷകനാണ് നീ എന്ന് ഞാൻ മനസ്സിലാക്കുന്നു. നിന്റെ ശുശ്രൂഷക്കും നിനക്കും നന്മകൾ ഞാൻ നേരുന്നു. ഞാൻ സേവിക്കുന്ന നമ്മുടെ ദൈവം സ്വർഗ്ഗം തുറന്ന് നിന്നെ അനേകം കാറുകളാലും, ബസ്സുകളാലും നിന്റെ ഇന്ത്യയിലെ ശുശ്രൂഷക്ക് ആവശ്യമായ മറ്റു നന്മകളാലും നിറക്കും. നിന്നെ എയർപോർട്ടിലേക്ക് കൊണ്ടുവരുവാൻ വിസമ്മതിച്ച ആ സഹോദരനെ വെറുക്കരുത്".

ഈ സംഭവം എന്നെ വേദനിപ്പിച്ചില്ല. തന്റെ അനുഗ്രഹീതനായ ദാസനിലൂടെ ലഭിച്ച നല്ല വാക്കുകൾക്കായി ദൈവത്തിനു നന്ദിപറഞ്ഞു. കാലം കടന്നു പോയി. ദൈവം വിശ്വസ്തനും എന്നെ കരുതുന്നവനുമായിരുന്നു. ദൈവം എനിക്ക് വാഹനങ്ങളും ശുശ്രൂഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിത്തന്നു. എന്നെയും സഹപ്രവർത്തകരെയും അനേകം തവണ അതേ എയർപോർട്ടിലേക്ക് സ്വന്തം വാഹനത്തിൽ കടന്നുപോകുവാൻ ദൈവം കൃപ ചെയ്തു. എത്ര മഹത്വവാനായ ദൈവമാണ് നമുക്കുള്ളത്. അതേ ദൈവം ഇന്നും ജീവിക്കുന്നു. അവൻ ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ.

പ്രിയ വായനക്കാരാ, നിന്റെ തലയിലുള്ള അഭിഷേകം മറ്റുള്ളവർ അംഗീകരിക്കാതിരിക്കുന്നതിനാൽ പ്രയാസപ്പെടുകയാണോ? നിന്റെ ഇപ്പോഴത്തെ താഴ്ന്ന അവസ്ഥയാൽ നീ ധൈര്യമില്ലാത്തവനാകുകയാണോ? നിന്റെ സ്വന്തം ജനങ്ങളാൽ നീ താഴ്ത്തപ്പെടുകയാണോ? ദൈവം പറയുന്നു: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് ...ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും" (യോഹന്നാൻ 14:1,18). ദൈവഹിതത്തിനനുസരിച്ച് ജീവിപ്പിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## ആവശ്യമുണ്ട്

- ചീഫ് എക്സിക്യൂട്ടീവിന്റെ സെക്രട്ടറിമാർ-പ്രധാനപ്പെട്ട ഇംഗ്ലീഷ് കത്തിടപാടുകൾ കൈകാര്യം ചെയ്യുക.

  യോഗ്യത : ഡിഗ്രിയും ഇംഗ്ലീഷിലും മറ്റു ഭാഷകളിലും സ്വതന്ത്രമായി കത്തിടപാടുകൾ ചെയ്യാനുള്ള പ്രാവീണ്യം. നല്ല കമ്പ്യൂട്ടർ വൈദഗ്ധ്യം അത്യാവശ്യം.
- ഡി.ടി.പി. ഓപ്പറേറ്റർമാർ - ഇംഗ്ലീഷിലും മറ്റു ഭാഷകളിലുമുള്ള കമ്പ്യൂട്ടർ പ്രാവീണ്യം.
- ഏതെങ്കിലും പ്രദേശത്ത് സാങ്കേതിക പ്രവർത്തനങ്ങളുള്ള സംഗീതജ്ഞർ.

എഡിറ്റർ

RNI NO. 55468/94, Postal Regn. No. TN/CH (C)/199/18-20 WPP NO. TN/PMG(CCR)/WPP-221/18-20

# ECHO OF HIS CALL

**Monthly magazines in 16 languages, Bible Colleges, Postal Courses, Church Planting, Village English High School, Gospel Printing Press, Crusades, Seminars, Social Services, etc.**

**Annual Subscription : Rs. 100/- Life Subscription : Rs. 2000/-**

The multifarious activities of **Echo of His Call Ministry** is supported by the free-will offerings and donations of the God's Children like you. You may support **Echo of His Call** and its activities as the Lord leads you. We need your help to send forth the Gospel to the unreached people and plant Churches.

If you would like to receive **ECHO OF HIS CALL** magazines regularly, please write to us. Whenever you change your postal or e-mail addresses, please do inform us your old and new addresses.

**Echo of His Call** is available in 16 languages in our websites also. You can read it by going into the site as well as downloading it and get blessed.

Your letters, prayer requests and your financial helps (by D.D., Cheque, M.O. etc.) to **ECHO OF HIS CALL** may be sent to the address below.

Please send your **Land Phone / Mobile Phone Numbers and E.mail addresses** for updation.

## ECHO OF HIS CALL

10, Mohammed Abdullah 2nd Street, Chepauk,
Chennai - 600 005, India
PH: (+91-44) 2852 8282, 2852 9293, 2854 7766,
Cell: (+91) 98410 71852, 95661 31858
E-mails: sam@echoofhiscall.org / biblecor@yahoo.co.in
Websites: www.echoofhiscall.org / www.echoofhiscall.com

**YOU CAN SEND YOUR DONATIONS ON ONLINE ALSO**

## PLEASE PRAY FOR OUR MINISTRIES AT THE HEADQUARTERS

1. Prayer Service : 24 hours
2. **BIBLECOR -** Bible Correspondence Courses : English, Tamil & Hindi
3. **ECHO OF HIS CALL** - Monthly Magazines : English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikaans.
4. Nehemiah Bible Colleges (Two Centres)
5. Theological Correspondence Courses: English & Tamil
6. Great Commission Partners (Network of Pastors)
7. Training Programmes
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools : 8.30 a.m. & 4.00 p.m. Sunday
13. **Tamil Services : 5.30 a.m. , 7.00 a.m. & 10.00 a.m. Sunday**
14. **Malayalam Service : 2.00 p.m. Sunday**
15. **Telugu Service : 4.00 p.m. Sunday**
16. **Hindi Service : 5.00 p.m. Sunday**
17. **English & Tamil Service : 6.00 p.m. Sunday**
18. Pastors' Counselling : 4.00 p.m. Sunday
19. Women's Prayer : 5.30 p.m. Wednesday
20. Mid-week Bible study : 6.30 p.m. Wednesday
21. Men's Prayer : 7.00 p.m. Friday
22. Workers' Meeting : 6.00 p.m. Saturday
23. House Meetings : 6.30 p.m. Monday & Tuesday
24. Special Holy Communion : 5.30 a.m. 1st day of each month
25. Ministers Review Meeting : 5.30 p.m. First Saturday
26. Parents' Prayer : 4.00 p.m. First Sunday
27. Night Prayer : 9.30 p.m. Second Friday
28. Fasting Prayer : 9:30 a.m. Third Saturday
29. Holy Communion : Second Sunday Services
30. Morning Devotion : 5.30 a.m. daily
31. Staff Devotion : 9.00 a.m. daily
32. Office : 9.00 a.m. to 9.00 p.m. (except Sundays)

**The details of our Bank Accounts are given below. Please inform us the details of your remittances.**

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |

RNI NO. 55468/94
Postal Regn. No. TN/CH/(C)/199/18-20
WPP NO. TN/PMG(CCR) / WPP- 221/18-20
Date of Publication: First week of every month
Date of Posting : 3rd & 4th of every month
Posted at "Egmore RMS / 1 Patrika Channel"
on 4th DECEMBER 2020
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957,
Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from 10, Mohammed Abdullah II Street, Chepauk, Chennai- 600 005 and printed by him at **Echo of His Call Printers** 10, Mohammed Abdullah II Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj**.